**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5615** **24-03-2025 - ൽ മറുപടിയ്ക്ക്**

**സ്കോർ കാർഡ് ഉപയോഗിച്ച് പ്രൊവിഷണൽ രജിസ്ട്രേഷന് അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | 2024 ഡിസംബറിൽ നാഷണൽ മെഡിക്കൽ കമ്മീഷൻ (എൻ.എം.സി.) നടത്തിയ ഫോറിൻ മെഡിക്കൽ ഗ്രാജ്വേറ്റ്സ് എക്സാമിനേഷൻ (എഫ്.എം.ജി.ഇ.) വിജയിച്ച വിദ്യാർത്ഥികൾക്ക് കേരളത്തിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം നൽകുമോ; വ്യക്തമാക്കാമോ; | (എ) | എൻ.എം.സി നടത്തുന്ന ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റ് എക്സാമിനേഷൻ വിജയിച്ച വിദ്യാർഥികൾ കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ പ്രൊവിഷണൽ രജിസ്ട്രേഷനായി അപേക്ഷ സമർപ്പിക്കേണ്ടതായിട്ടുണ്ട്. ഇവരുടെ വിദ്യാഭ്യാസ രേഖകൾ വിശദമായി പരിശോധിച്ചശേഷമാണ് കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിൽ വിദ്യാർത്ഥികൾക്ക് പ്രൊവിഷണൽ രജിസ്ട്രേഷൻ നൽകുന്നത്. അത്തരത്തിൽ പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ചശേഷം മാത്രമേ ഈ വിദ്യാർത്ഥികളെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ / ആരോഗ്യ വകുപ്പിന്റെ കീഴിലെ ആശുപത്രികളിൽ ഇന്റേൺഷിപ്പിനായി പ്രവേശിപ്പിക്കാൻ കഴിയുകയുള്ളൂ. അത്തരത്തിൽ പ്രൊവിഷണൽ രജിസ്ട്രേഷൻ ലഭിച്ച വിദ്യാർത്ഥികളിൽ നിന്ന് ഓൺലൈനായി അപേക്ഷ സ്വീകരിക്കുകയും ഒഴിവുകൾക്കനുസരിച്ച് ഓപ്പൺ അലോട്ട്മെന്റ് / കൗൺസിലിംഗ് മുഖേന നിയമനം നടത്തി വരികയുമാണ് ചെയ്യുന്നത്. |
| (ബി) | നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് (എൻ.ബി.ഇ.), എഫ്.എം.ജി.ഇ. എന്നിവ പാസ് ആയ ഡോക്ടർമാർക്ക് സ്കോർ കാർഡും പാസ് സർട്ടിഫിക്കറ്റും നൽകാറുണ്ട് എന്നിരിക്കെ സ്കോർ കാർഡ് ലഭിച്ചു കഴിഞ്ഞിട്ടും പാസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് ഉണ്ടായിരിക്കുന്ന കാലതാമസം എന്തുകൊണ്ടാണെന്ന് വിശദീകരിക്കാമോ; | (ബി) | സ്കോർ കാർഡ്, പാസ് സർട്ടിഫിക്കറ്റ് എന്നിവ നൽകുന്നതിനുള്ള അധികാരം നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസിൽ (എൻ.ബി.ഇ) നിക്ഷിപ്തമാണ്. |
| (സി) | പാസ് സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിനായി നാല് മുതൽ അഞ്ച് മാസം വരെ കാലതാമസം ഉണ്ടാകുന്നത് മൂലം, ഉദ്യോഗാർഥികൾ പല തട്ടിൽ ആകുകയും അവരുടെ ഇന്റേൺഷിപ്പും പല സമയങ്ങളിൽ ആയി മാറുന്ന ഈ പ്രശ്നത്തിന് പരിഹാരം കണ്ടെത്തുമോയെന്ന് വ്യക്തമാക്കുമോ; | (സി) | കേരള സ്റ്റേറ്റ് മെഡിക്കൽ കൗൺസിലിൽ പ്രൊവിഷണൽ രജിസ്ട്രേഷനു വേണ്ടി ലഭ്യമാക്കുന്ന അപേക്ഷകളുടെ എംബസ്സി, യൂണിവേഴ്സിറ്റി വെരിഫിക്കേഷനുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ സ്ക്രൂട്ടിണിയ്ക്ക് വിധേയമാക്കി പ്രൊവിഷണൽ രജിസ്ട്രേഷൻ അനുവദിക്കാനാകുകയുള്ളൂ. കൂടാതെ |

| | | | |
|---|---|---|---|
| | | | ഒഴിവു വരുന്ന മുറയ്ക്ക് മാത്രമേ ഇന്റേൺഷിപ്പ് അനുവദിക്കുവാനും കഴിയുകയുള്ളു. |
| (ഡി) | നിലവിൽ, എല്ലാവരുടെയും കയ്യിലുള്ള സ്കോർ കാർഡ് ഉപയോഗിച്ച് പ്രൊവിഷണൽ രജിസ്ട്രേഷന് അപേക്ഷിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | ഫോറിൻ മെഡിക്കൽ ഗ്രാജുവേറ്റിന് ഇന്ത്യയിൽ പ്രൊവിഷണൽ/സ്ഥിര രജിസ്ട്രേഷൻ നേടുന്നതിനുള്ള അടിസ്ഥാന രേഖയാണ് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് നടത്തുന്ന Screening test ന്റെ പാസ്സ് സർട്ടിഫിക്കറ്റ്. സ്കോർ കാർഡ് ആധികാരിക രേഖയായി നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് കണക്കാക്കിയിട്ടില്ല. Screening test പാസ്സായ അപേക്ഷകരുടെ കാര്യത്തിൽ മറ്റു രേഖകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പ് വരുത്തിയശേഷം മാത്രമാണ് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് പാസ് സർട്ടിഫിക്കറ്റ് നൽകുന്നത്. ടി പാസ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും അതോടൊപ്പം മറ്റു രേഖകളുടെ ആധികാരികത കൂടി പരിശോധിച്ച് ഉറപ്പ് വരുത്തിയതിനുശേഷം മാത്രമേ പ്രൊവിഷണൽ/ സ്ഥിര രജിസ്ട്രേഷൻ അനുവദിക്കുവാൻ പാടുള്ളൂ എന്ന് നാഷണൽ ബോർഡ് ഓഫ് എക്സാമിനേഷൻസ് തന്നെ നിഷ്കർഷിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ